കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കില-മാനവ വിഭവ ശേഷി വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) കൊട്ടാരക്കര — 2018–2019 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ആവർത്തന ഗ്രാന്റിന്റെ ഒന്നാം ഗഡു - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം.776/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 30.03.2019

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 25.02.2019 ലെ PAN/2470/2019-J5 (DP) നമ്പർ കത്ത്.

2. കില ഡയറക്ടറുടെ 19.02.2019, 20.03.2019 എന്നീ തീയതികളിലെ 2018/101/4157/ സിഎച്ച്ആർഡി നമ്പർ കത്തുകൾ

3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 24.07.2018-ലെ J-2023/01/18-Trg നമ്പർ കത്ത്.

**ഉത്തരവ്**

കൊട്ടാരക്കര കില-സി.എച്ച്.ആർ.ഡി.യ്ക്ക് 2018-2019 വർഷത്തിലെ ആവർത്തന ഗ്രാന്റിനത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 2515-00-102-32 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 145 ലക്ഷം രൂപയിൽ ആദ്യ ഗഡുവായ 74.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (2)-ലെ 19.02.2019 തീയതിയിലെ കില ഡയറക്ടറുടെ പ്രൊപ്പോസൽ സഹിതം ഡി.ഡി.ഓ ആയ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനു ശുപാർശ സമർപ്പിച്ചിരുന്നു. .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലത്തിന്റെ കത്തിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി, കേന്ദ്ര വിഹിതം 2019 മാർച്ച് 31-നകം ഉപയോഗിക്കണമെന്നും ഉപയോഗിക്കാതെ അവശേഷിക്കുന്ന തുക 2019 മാർച്ച് 31-നകം കേന്ദ്ര സർക്കാരിലേക്ക് സറണ്ടർ ചെയ്യണമെന്നുമുള്ള ഉപാധികളോടെ, കൊട്ടാരക്കരയിലെ കില-മാനവ വിഭവ ശേഷി വികസന കേന്ദ്രത്തിന് (കില-സി.എച്ച്.ആർ.ഡി.) സംസ്ഥാന ബഡ്ജറ്റിൽ 2515-00-102-32 (പ്ലാൻ) എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള 145 ലക്ഷം രൂപയിൽ ആദ്യ ഗഡുവായ 74.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(തുടർച്ച...............2)

(3) പ്രസ്തുത തുക കില ഡയറക്ടറുടെ പേരിൽ ഇൻഡ്യൻ ബാങ്കിന്റെ (IFSC – IDIB 000K075) കൊട്ടാരക്കര ശാഖയിലുള്ള 481357281 എന്ന പി.എഫ്.എം.എസ്. അക്കൗണ്ട് നമ്പറിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി ഡി.ഡി.ഒ. ആയ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി.എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
ഡയറക്ടർ, കില – സി.എച്ച്.ആർ.ഡി., കൊട്ടാരക്കര
ഡയറക്ടർ, കില, തൃശ്ശൂർ
ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ് - (File No:DEV-3/55/2019-Fin -Computer No. 1140581 പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ് എ/ജി&എസ് എസ് എ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Anjulal

സെക്ഷൻ ഓഫീസർ